JAGRATHA 080

Vol-3, N0:6
21-01- 2009

*Kerala Catholic Bishops' Council's*

# ***Commission for Social Harmony and Vigilance***

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

ജാഗ്രത

## പ്രധാന വാർത്തകൾ

01. പാഠപുസ്തകങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തണം : കെ.സി.ബി.സി
02. നിയമ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സ്വീകാര്യമല്ല : കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ
03. യുവജനങ്ങൾ ജീവന്റെ സംസ്കാരത്തിന് നേതൃത്വംനൽകാൻ മുന്നോട്ടു വരണം: ബിഷപ് കല്ലറയ്ക്കൽ
04. കുട്ടികളെ വിശ്വാസത്തിൽ വളർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം: മാർ പെരുന്തോട്ടം
05. സമൂഹത്തിന്റെ അപര്യാപ്തതകൾ പരിഹരിക്കാൻ സഭയായി നാം യത്നിക്കണം : കാതോലിക്കബാവ
06. ഏകസ്ഥജീവിതം ദൈവവിളി : മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
07. സ്വയം സഹായ സംഘങ്ങൾക്ക് നാടിന്റെ ഭക്ഷ്യ സുരക്ഷയിൽ നിർണായക പങ്ക് : മാർ ചക്യത്ത്
08. പ്രതിഭകൾക്കു ജന്മം നൽകലാണ് ഡിസിഎൽ ലക്ഷ്യം : മാർ ആൻഡ്രൂസ് താഴത്ത്
09. നല്ല അധ്യാപകർ സമൂഹത്തിൽ എക്കാലവും മാതൃക : മാർ ജോസഫ് കല്ലറങ്ങാട്ട്
10. ഇടവക തിരുനാളുകൾ സ്നേഹത്തിലും വിശ്വാസത്തിലും അധിഷ്ഠിതം : മാർ ജേക്കബ് മനത്തോടത്ത്

## 01. പാഠപുസ്തകങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തണം: കെ.സി.ബി.സി

സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ തയാറാക്കിക്കൊണ്ടിരിക്കുന്ന പാഠപുസ്തകങ്ങളുടെ ഗുണമേന്മയും ആധികാരികതയും ഉറപ്പുവരുത്തുന്ന വിധത്തിൽ വിദഗ്ധരുടെ വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും അവസരം നൽകാതെ, തിടുക്കത്തിൽ പാഠപുസ്തക പരിഷ്കരണ പ്രക്രിയയുമായി സർക്കാർ മുന്നോട്ടു പോകുന്നതിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി ഉത്കണ്ഠ രേഖപ്പെടുത്തി. പാഠപുസ്തകങ്ങളുടെ കരടുകോപ്പികൾ സബ് കമ്മിറ്റിയിൽ വിതരണം ചെയ്തിട്ടില്ല. അതുകൊണ്ട് പഠനങ്ങളും ചർച്ചകളും ക്രിയാത്മകമായി ഇതുവരെ നടത്താൻ സാധിച്ചിട്ടില്ല. ഗുണമേന്മയുള്ള പാഠപുസ്തകങ്ങൾ തയാറാക്കുന്നതിലുള്ള ഇടതുപക്ഷ സർക്കാരിന്റെ വിദ്യാഭ്യാസവകുപ്പിന്റെ ആത്മാർഥതയെ സംശയിക്കേണ്ടിയിരിക്കുന്നു.പാഠപുസ്തകങ്ങളെക്കുറിച്ച് പരാതി ഉയർന്നപ്പോൾ സർക്കാർ നിയോഗിച്ച സമിതിപോലും പാഠപുസ്തകങ്ങളുടെ നിലവാരത്തകർച്ചയെപ്പറ്റി അഭിപ്രായപ്പെട്ടിരുന്നു. എന്നിട്ടും പാഠപുസ്തക പരിഷ്കരണത്തെ ഗൗരവപൂർവം കാണാതെയും പാഠപുസ്തകങ്ങൾ തയാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കാതെയും തിടുക്കത്തിൽ പാഠപുസ്തകങ്ങൾ തയാറാക്കുന്നത് അപലപനീയമാണ്. നിലവാരമില്ലാത്തതും തെറ്റിദ്ധാരണ പരത്തുന്നതും പ്രത്യയശാസ്ത്ര രാഷ്ട്രീയസിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതുമായ പാഠപുസ്തകങ്ങൾ തയാറാക്കാനാണ് ഇനിയും ശ്രമിക്കുന്നതെങ്കിൽ അതിനെ ശക്തമായി എതിർക്കുമെന്ന് കെ.സി.ബി.സി പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജനറൽ സെക്രട്ടറി ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ വ്യക്തമാക്കി.

**02. നിയമ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സ്വീകാര്യമല്ല : കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ**

നിയമ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ ക്രൈസ്തവരെ ബാധിക്കുന്ന വ്യവസ്ഥകൾ സ്വീകാര്യമല്ലെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ. എറണാകുളം -അങ്കമാലി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭയുടെ സമ്പത്ത് വിനിയോഗിക്കുന്നത് അംഗീകൃതമായ കാനോൻ നിയമങ്ങൾക്ക് വിധേയമായാണ്. ദൈവാരാധന, വിവിധങ്ങളായ ശുശ്രൂഷകൾ, പ്രേഷിത പ്രവർത്തനം, ഉപവി പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്കായിട്ടാണ് സമ്പത്ത് വിനിയോഗിക്കുന്നത്. ഇവയെല്ലാം ഭരണഘടനാനുസൃതവും സർക്കാരിന്റെ ഓഡിറ്റിന് വിധേയവുമാണെന്നു കർദിനാൾ വ്യക്തമാക്കി. സന്താന നിയന്ത്രണത്തെക്കുറിച്ചുള്ള നിർദേശങ്ങൾ തള്ളിക്കളയണമെന്നും മക്കളുടെ കാര്യങ്ങൾ മാതാപിതാക്കൾ തീരുമാനിക്കട്ടെയെന്നും കർദിനാൾ പറഞ്ഞു.

**03. യുവജനങ്ങൾ ജീവന്റെ സംസ്കാരത്തിന് നേതൃത്വം നൽകാൻ മുന്നോട്ടു വരണം: ബിഷപ് കല്ലറയ്ക്കൽ**

മനുഷ്യജീവന് നേരെ അതിക്രമങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ ജീവന്റെ സംസ്കാരത്തിന് നേതൃത്വം നൽകാൻ യുവജനങ്ങൾ മുന്നോട്ട് വരണമെന്നും ക്രൈസ്തവ ആദർശങ്ങളിൽ അടിയുറച്ച് കാലഘട്ടത്തിന്റെ വെല്ലുവിളികൾ മനസിലാക്കി സഭയ്ക്കും സമൂഹത്തിനും നേതൃത്വം നൽകാൻ ത്യാഗമനോഭാവത്തോടെ സേവന നിരതരാകാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണമെന്നും കോട്ടപ്പുറം രൂപത ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ. കെ.സി.വൈ.എം. പേൾ ജൂബിലി സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ്. കെ.സി.വൈ.എം. കോട്ടപ്പുറം രൂപതയുടെ ചരിത്രം രേഖപ്പെടുത്തുന്ന സുവനീർ പ്രകാശനം അഭിവന്ദ്യ പിതാവ് യോഗത്തിൽ നിർവഹിച്ചു. പേൾ ജൂബിലിയുടെ ഭാഗമായി ജീവന്റെ സംസ്കാരം ജനങ്ങളിൽ എത്തിക്കുന്നതിനായി രാവിലെ നടന്ന രക്തദാന ക്യാമ്പിൽ 30 യുവജനങ്ങൾ രക്തദാനം നിർവഹിച്ചു.

**04. കുട്ടികളെ വിശ്വാസത്തിൽ വളർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം: മാർ പെരുന്തോട്ടം**

കുട്ടികളെ വിശ്വാസത്തിൽ വളർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ഇക്കാര്യത്തിൽ മാതാപിതാക്കൾ ഏറെ ശ്രദ്ധചെലുത്തണമെന്നും അദ്ദേഹം പറഞ്ഞു. കണ്ണാടി സെന്റ് ജോസഫ്സ് പള്ളിയിലെ സന്ദർശനത്തോടനുബന്ധിച്ചു നടന്ന വിശുദ്ധ കുർബാനമധ്യേ സന്ദേശം നൽകുകയായിരുന്നു ആർച്ച്ബിഷപ്. സഭ ഇന്ന് ഒരുപാട് വെല്ലുവിളികൾ നേരിടുന്നുണ്ടെന്നും സഭയെ താറടിക്കാൻ ആസൂത്രിതമായ നീക്കങ്ങളാണ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ചില മാധ്യമങ്ങൾ ക്രൈസ്തവ വിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്. വൈരാഗ്യബുദ്ധിയോടെയാണ് മാധ്യമങ്ങൾ വാർത്തകൾ വളച്ചൊടിക്കുന്നത്. ദൈവം തന്ന ജീവൻ എടുക്കാൻ ആർക്കും അവകാശമില്ലെന്നും അങ്ങനെ ചെയ്താൽ അത് ദൈവ നിന്ദയാണെന്നും അദ്ദേഹം പറഞ്ഞു. മക്കൾ എത്രവേണമെന്ന് തീരുമാനിക്കാനുള്ള അവകാശം മാതാപിതാക്കൾക്കാണെന്നും അത് ദൈവം അവർക്ക് നൽകിയിരിക്കുന്ന ദാനമാണെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു. സർക്കാരിന്റെ ഇത്തരം നീങ്ങൾ സ്വീകര്യമല്ല. ഇതിനെതിരേ ശക്തമായി പ്രതിഷേധിക്കേണ്ടിയിരിക്കുന്നുവെന്നും മാർ പെരുന്തോട്ടം പറഞ്ഞു.

**05. സമൂഹത്തിന്റെ അപര്യാപ്തതകൾ പരിഹരിക്കാൻ സഭയായി നാം യത്നിക്കണം: കാതോലിക്കബാവ**

സമൂഹത്തിന്റെ അപര്യാപ്തതകൾ പരിഹരിക്കുവാൻ നാം ഒരു സഭയായി യത്നിക്കണമെന്ന് മലങ്കരസഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കബാവ ആഹ്വാനം ചെയ്തു. എയ്ഡ്സ് രോഗികൾക്കു വേണ്ടി സെന്റ് ജോൺസ് ആശുപത്രിയിൽ ആരംഭിച്ച പാലിയേറ്റിവ് കെയർസെന്ററിന്റെയും പുതിയ ബ്ലോക്കിന്റെയും കൂദാശ കർമ്മം നിർവഹിച്ചു സംസാരിക്കുകയായിരുന്നു കാതോലിക്ക ബാവ.

വലിയ സാമ്പത്തിക ക്രമീകരണങ്ങൾ ഒരുക്കാതെ ആരംഭിച്ച പദ്ധതി ഇത്ര ഭംഗിയായി പൂർത്തിയായത് നിരവധിപേരുടെ സഹായം കൊണ്ടാണ്. യേശുവിന്റെ സ്നേഹം നിർബന്ധിച്ചതുകൊണ്ട് പുണ്യപിതാവായ ഗ്രിഗോറിയോസ് തിരുമേനി കുഷ്ഠരോഗികൾക്കുവേണ്ടി ആരംഭിച്ച സ്ഥാപനം പന്നീട് ക്ഷയരോഗികൾക്കു കൂടിയും ഇപ്പോൾ എയ്ഡ്സ് രോഗികൾക്കും അഭയം നല്കുന്ന സ്ഥാപനമായി വളർന്നു.

**06. ഏകസ്ഥജീവിതം ദൈവവിളി: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**

അപ്പസ്തോലികകാലം മുതൽ സഭയിൽ വിവാഹം, പൗരോഹിത്യം, സന്യാസം എന്നിവ പോലെ ഏകസ്ഥജീവിതം ഒരു ദൈവവിളിയാണെന്ന് ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പ്രസ്താവിച്ചു. മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ കെ.സി.ബി.സി ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ നാലു ദിവസം നീണ്ടുനിന്ന അഖില കേരള വനിതാ ഏകസ്ഥരുടെ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സമുദായം നാലുവശത്തുനിന്നും ഏകസ്ഥരുടെ സഹായം ഇന്ന് തേടുന്നുണ്ട്. അത് മനസ്സിലാക്കി, ഏകസ്ഥർ തങ്ങളുടെ ദൗത്യം കരുപ്പിടിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. ദരിദ്രർക്കും ക്ലേശമനുഭവിക്കുന്നവർക്കും വേണ്ടി സേവനം ചെയ്യാൻ ഏകസ്ഥർക്ക് കഴിയുമെന്നും അതിനാൽ ഇന്ന് രോഗികൾ, കുട്ടികൾ എന്നിവർക്ക് ശുശ്രൂഷ ചെയ്യാൻ ഏകസ്ഥർ പ്രത്യേകം മുന്നോട്ടുവരണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഏകസ്ഥർ ഇന്ന് ധാരാളം പ്രശ്ന ങ്ങൾ നേരിടുന്നതായി യോഗം വിലയിരുത്തി. ബന്ധപ്പെട്ടവർ അവരെ ചൂഷണം ചെയ്യുന്ന അനുഭവ മാണ് പൊതുവിലുള്ളത്. അവരുടെ സേവനം സ്വാർത്ഥപരമായി ഉപയോഗപ്പെടുത്തുന്നവരാണ് മിക്ക വരും. ന്യായമായി കിട്ടേണ്ട സാമ്പത്തിക ആവകാശങ്ങൾ അവർക്ക് നല്കുന്നില്ല. ഏകസ്ഥരുടെ ആത്മീ യവളർച്ചയ്ക്കും വികാസത്തിനും വേണ്ട സാഹചര്യങ്ങൾ കുടുംബാംഗങ്ങൾ ഒരുക്കാറില്ല. വേണ്ടത്ര സ്വാതന്ത്ര്യവും അവർക്ക് നല്കാറില്ല. സാമ്പത്തിക സുരക്ഷിതത്വം ഇല്ലാത്തതുകൊണ്ട് അവരെ ഉപ യോഗം കഴിഞ്ഞ് കറിവേപ്പിലപോലെ തള്ളികളയുന്ന അനുഭവങ്ങൾ നിരവധിയാണ്. മാതാപിതാക്കൾ ഏകസ്ഥർക്ക് ന്യായമായി അവകാശപ്പെട്ട സാമ്പത്തിക ഓഹരി നല്കണമെന്ന് യോഗം ആവശ്യപ്പെ ട്ടു. ദാരിദ്ര്യം, രോഗം, വാർദ്ധക്യം എന്നിവയാൽ കഷ്ടപ്പെടുന്ന ഏകസ്ഥർക്ക് സഭയും സമൂഹവും വേണ്ട സഹായം നല്കണമെന്നും യോഗം നിർദ്ദേശിച്ചു. ആന്തരീകപ്രചോദനമനുസരിച്ച് സ്വതന്ത്ര രായി ഏകസ്ഥജീവിതം നയിക്കുന്നവരും സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ അങ്ങനെ ജീവിക്കേണ്ടി വരുന്നവരും ഉണ്ട്. ഇതു മനസ്സിലാക്കി ഇരുകൂട്ടർക്കും പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭിക്കാൻ ഇടയാകേണ്ടത് ആവശ്യമാണ്. ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോസ് കോട്ട യിൽ, മിസ് മേരി മലേപറമ്പിൽ, മിസ് ജെസി ചെറിയാൻ എന്നിവർ സെമിനാറിന് നേതൃത്വം നല്കി.

**07. സ്വയം സഹായ സംഘങ്ങൾക്ക് നാടിന്റെ ഭക്ഷ്യ സുരക്ഷയിൽ നിർണായക പങ്ക് : മാർ ചക്യത്ത്**

നാടിന്റെ ഭക്ഷ്യ സുരക്ഷയിൽ സ്വയം സഹായ സംഘങ്ങൾക്ക് നിർണായക പങ്കാണുള്ളതെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് ചക്യത്ത് അഭിപ്രായപ്പെട്ടു. അതിരൂപതാ വെൽഫെയർ സർവീസസിന്റെ വാർഷിക ജനറൽ ബോഡി യോഗത്തിൽ അധ്യക്ഷപ്രസംഗം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കാർഷിക രംഗത്ത് സ്വയം സഹായ സംഘങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും അദ്ദേഹം പറഞ്ഞു. വെൽഫയർ സർവീസസ് എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ.പോൾ മൂഞ്ഞേലി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സർവീസസിന്റെ മൈക്രോ ഫിനാൻസ് വിഭാഗമായ വെസ്കോ ക്രെഡിറ്റിന്റെ അഞ്ച് പുതിയ ബ്രാഞ്ചുകൾ, ബയോ

ഗ്യാസ് പ്ലാന്റുകൾക്കും സോളാർ വാട്ടർ ഹീറ്ററുകളൾക്കും കാർബൺ ക്രെഡിറ്റ് സബ്സിഡി, നബാർഡിന്റെ സഹായത്തോടെയുള്ള വായ്പാ പദ്ധതി, കൗമാര പ്രായത്തിലുള്ള പെൺകുട്ടികളുടെ വേദിയായ പ്രബോധിനി സംഘങ്ങൾ, വിമൻ ലേസർ സെൽ, കയർ ക്ലസ്റ്റർ പദ്ധതി, ആഭരണ നിർമാണ പരിശീലനം, ഭവന പുനരുദ്ധാരണ പദ്ധതി, കൗൺസലിംഗ് സെന്ററുകൾ, നീർത്തട വികസന പദ്ധതി മുതലായവ വെൽഫെയർ സർവീസസിന്റെ ഭാവി പ്രവർത്തനങ്ങളായി നടപ്പാക്കുമെന്ന് ബിഷപ് മാർ തോമസ് ചക്യത്ത് വ്യക്തമാക്കി.

## 08. പ്രതിഭകൾക്കു ജന്മം നൽകലാണ് ഡിസിഎൽ ലക്ഷ്യം: മാർ താഴത്ത്

പ്രതിഭകൾക്കു ജന്മം നൽകലാണ് ഡിസിഎലിന്റെ ലക്ഷ്യമെന്ന് ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. ദേവമാതാ സിഎംഐ പബ്ലിക് സ്കൂളിൽ ദീപിക ബാലസഖ്യം സംസ്ഥാന ടാലന്റ്ഫെസ്റ്റും ദീപിക ചോക്ലേറ്റ് ക്വിസ് മത്സരവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നാം ഒരു കുടുംബം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചു വിദ്യാർഥികളിൽ ആവേശമായി മുന്നേറുന്ന ദീപിക ബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ മഹത്തരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## 09. നല്ല അധ്യാപകർ സമൂഹത്തിൽ എക്കാലവും മാതൃക: മാർ കല്ലറങ്ങാട്ട്

ജനങ്ങളെ ഉന്നതങ്ങളിലെത്തിക്കുന്ന ഗോവണിപ്പടികളാണ് അധ്യാപകരെന്നും നല്ല അധ്യാപകർ സമൂഹത്തിൽ എക്കാലവും മാതൃകയാണെന്നും ഇവരുടെ പ്രസക്തി ഒരിക്കലും നഷ്ടപ്പെടില്ലെന്നും മാർ ജോസഫ് കല്ലറങ്ങാട്ട്. ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ എച്ച്.എസ്. വിഭാഗം പ്ലാറ്റിനം ജൂബിലി, എച്ച്.എസ്.എസ്. വിഭാഗം ദശവത്സരാഘോഷങ്ങൾക്കു സമാപനം കുറിച്ചുകൊണ്ടുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

## 10. ഇടവക തിരുനാളുകൾ സ്നേഹത്തിലും വിശ്വാസത്തിലും അധിഷ്ഠിതം: മാർ മനത്തോടത്ത്

സ്നേഹത്തിലും വിശ്വാസത്തിലും അധിഷ്ഠിതമാണ് ഇടവക തിരുനാളുകളെന്ന് ബിഷപ് മാർ ജേക്കബ് മനത്തോടത്ത് ഉദ്ബോധിപ്പിച്ചു. പരസ്പര വിശ്വാസവും ദൈവവിളിയും അനുസരിക്കുകയും നയിക്കപ്പെടുകയും ചെയ്യുമ്പോഴാണ് യഥാർഥ ജീവിതം ഉടലെടുക്കുന്നതെന്നും ബിഷപ്പ് പറഞ്ഞു. കല്ലടിക്കോട് മേരി മാത ഇടവകയുടെ രജതജൂബിലി ആഘോഷവും വിശുദ്ധരുടെ തിരുന്നാൾ മഹാമഹ പൊതു സമ്മേളനവും ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്. പരസ്പര സൗഹാർദം വളർന്നുവരുന്നത് സ്നേഹത്തിലൂടെയാണ്. ഇത്തരം സ്നേഹം ദൈവത്തിലധിഷ്ഠിതമായിരിക്കണം. ദൈവവചനം അതിലേക്കുള്ള പാതയാണ്. ഇതനുസരിക്കുകയും ജീവിതത്തിൽ പകർത്തുകയും വേണം. ജീവിതം ധന്യമാകുന്നത് സ്നേഹം കടന്നുവരുമ്പോഴാണ്. അതിനാൽ പരിശുദ്ധ സ്നേഹം നൽകുകയും ആർജിക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു.